# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *286 — 12.10.2011- ൽ മറുപടിക്ക്

**ചുമട്ടുതൊഴിൽ രംഗത്തെ തട്ടിപ്പ് തടയുന്നതിന് സമിതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ബി. അബ്ദുൾ റസാക്<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചുമട്ടുതൊഴിൽ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ചുമട്ടു തൊഴിൽ രംഗത്ത് നില നിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ ഇതിനകം തന്നെ ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ സമിതിയുടെ ഘടന ഏത് വിധത്തിലായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; ഏതെല്ലാം വിഭാഗത്തിലെ വിദഗ്ധരെയാണ് സമിതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) ശ്രീ.വർക്കല കഹാർ, എം.എൽ.എ., ചെയർമാനായും, ലേബർ കമ്മീഷണർ കൺവീനറായും പ്രധാനപ്പെട്ട ട്രേഡ് യൂണിയനുകളെ പ്രതിനിധീകരിച്ച് ഓരോ പ്രതിനിധികളായി ശ്രീ.കാട്ടാക്കട ശശി, ശ്രീ.കെ.എസ്.ഇന്ദുശേഖരൻ നായർ, ശ്രീ.ജി.മാഹീൻ അബൂബക്കർ, ശ്രീ. അമ്പലത്തറ ശ്രീധരൻ നായർ, ശ്രീ.എസ്.മാനോഹരൻ, ശ്രീ.കെ. ചന്ദ്രബാബു, ശ്രീ.പി.ജയപ്രകാശ്, ശ്രീ.പൂങ്കോട് ബാലു എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് നിലവിലുള്ളത്. |
| (സി) നോക്കുകൂലി, അട്ടിമറിക്കൂലി എന്നിവ തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുകൂടി ശുപാർശ സമർപ്പിക്കാൻ പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തുമോ ; | (സി) & (ഡി) സമിതിയുടെ പരിഗണനയിൽ വരുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് നോക്കുകൂലി. ഉണ്ട്. നോക്കുകൂലി അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്ന കാര്യം സമിതിയുടെ പരിഗണനയിൽ വരുന്നതാണ്. |
| (ഡി) ചുമട്ടുതൊഴിലാളികളല്ലാത്ത പ്രദേശവാസികൾ നാട്ടുകാരെ ഭീഷണിപ്പെടുത്തി നോക്കുകൂലി ബലമായി പിരിച്ച് തൊഴിൽ മേഖലയ്ക്ക് ചീത്തപ്പേരുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യവും പ്രസ്തുത സമിതിയുടെ | |

പരിശോധനയിൽ ഉൾപ്പെടുത്തുമോ;

(ഇ) ചുമട്ടുതൊഴിലാളികാർഡുകൾ മറിച്ചുവില്പന നടത്തുകയും, കാർഡുടമകൾ തൊഴിൽ കീഴ്ക്കരാർ നല്കുകയും ചെയ്യുന്ന പ്രവണത വ്യാപകമായുണ്ടെന്ന് അറിവുണ്ടോ; എങ്കിൽ ഇത് തടയാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുമോ ;

(ഇ) ചുമട്ടുതൊഴിലാളി കാർഡുകൾ മറിച്ചു വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(എഫ്) അംഗീകൃത ചുമട്ടുതൊഴിലാളികൾ യൂണിഫോറത്തിനൊപ്പം പേരും കാർഡ് നമ്പരും പ്രദർശിപ്പിക്കുന്നതും ചെയ്തതൊഴിലിനുള്ള കൂലി കൈപ്പറ്റിയതിനുള്ള ഇനം തിരിച്ച രസീത് അപ്പപ്പോൾ സേവനാർത്ഥികൾക്ക് നല്കുന്നതും കർശനമാക്കുമോ?

(എഫ്) അംഗീകൃത അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾ യൂണിഫോറത്തിനോപ്പം പേരും കാർഡ് നമ്പരും പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെയ്ത തൊഴിലിനുള്ള കൂലി കൈപ്പറ്റിയതിനുള്ള ഇനം തിരിച്ചിട്ടുള്ള രസീത് എന്ന നിലയിൽ വർക്ക് കാർഡ് എല്ലാ ജില്ലാ കമ്മിറ്റിയിലും ഹാജരാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ